പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2838 **28-10-2026-ൽ മറുപടിയ്ക്ക്**

ആധുനിക മത്സ്യ മാർക്കറ്റ് കോംപ്ലക്സ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ മൈലം പഞ്ചായത്തിൽ ആധുനിക മത്സ്യ മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിനായി 2025-26 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്നോ;

മറുപടി: കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ മൈലം പഞ്ചായത്തിൽ ആധുനിക മത്സ്യ മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിനായി 2025-26 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ അടങ്കൽ തുകയായ 3 കോടി രൂപയുടെ 20% ആയ 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഫിഷറീസ് ഡയറക്ടർ ഭരണാനുമതിക്കായി സമർപ്പിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ 3 കോടി രൂപയുടെ ഡി.പി.ആർ.-ന് ഭരണാനുമതി നൽകുന്നതിനും നിർവ്വഹണ ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടർ 12.03.2026-ന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, കൊല്ലം ജില്ലയിലെ എഴുകോൺ, കലയപുരം എന്നീ സ്ഥലങ്ങളിൽ അനുവദിച്ച മത്സ്യമാർക്കറ്റുകളുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്ന സാഹചര്യത്തിലും, മറ്റ് ജില്ലകളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചും, ഫണ്ടിന്റെ ലഭ്യത കൂടി പരിശോധിച്ച ശേഷം പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ